LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മരണപ്പെട്ട റാണി പോളിന്റെ സഹോദരൻ 27-8-2014-ാം തീയതി രാവിലെ 7.15 മണിക്ക് കൊരട്ടി പോലീസ് സ്റ്റേഷനിൽ ഹാജരായി ടി റാണി പോൾ താമസിച്ചു വന്നിരുന്ന വീട്ടിലെ നടുമുറിയിൽ ഒരു സാരിയിൽ കെട്ടിത്തൂങ്ങി മരണപ്പെട്ടതായി പറഞ്ഞ മൊഴിയുടെ അടിസ്ഥാനത്തിൽ ക്രൈം നമ്പർ 1500/2014 പ്രകാരം അസ്വാഭാവിക മരണത്തിന് ക്രൈം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും അന്വേഷണത്തിൽ മരണപ്പെട്ട റാണി പോൾ ഭർത്താവ് പോളുമായി 26-8-2014 തീയതി 21 മണിക്ക് ഉണ്ടായ കുടുംബവഴക്കിനെ തുടർന്നുള്ള മാനസിക വിഷമത്താൽ ആത്മഹത്യ ചെയ്തതായി വെളിവായതിനാൽ 30-10-2014-ാം തീയതി ടി കേസ് FR as Death due to Hanging ആയി തീർച്ചപ്പെടുത്തി ബഹുമാനപ്പെട്ട കോടതിയിൽ റിപ്പോർട്ട് നൽകിയിട്ടുള്ളതാണ്.

സ്റ്റുഡന്റ്സ് പോലീസ് അനുവദിക്കൽ

245 (2118) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വെറ്റിലപ്പാറ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കൊടകര ഡോൺബോസ്കോ എന്നീ സ്കൂളുകളിൽ സ്റ്റുഡന്റ്സ് പോലീസ് അനുവദിക്കുന്നതിനുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഒരു പോലീസ് സ്റ്റേഷൻ പരിധിയിൽ 2 സ്കൂളുകളിൽ മാത്രം സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കിയാൽ മതിയെന്ന വ്യവസ്ഥപ്രകാരം നിലവിൽ കൊടകര പോലീസ് സ്റ്റേഷൻ പരിധിയിൽ രണ്ട് സ്കൂളുകളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി ഇതിനകം നടപ്പിലാക്കിയിട്ടുള്ളതിനാൽ ടി പദ്ധതി ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വെറ്റിലപ്പാറ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, കൊടകര ഡോൺബോസ്കോ എന്നീ സ്കൂളുകളിൽ ഇപ്പോൾ അനുവദിക്കുവാൻ നിർവ്വാഹമില്ല.